പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 39 — 9.3.2015-ൽ മറുപടി നല്കേണ്ടിയിരുന്നത്

## ക്രിമിനൽ കേസുകളിലെ ശിക്ഷകളിൽ ഇളവ്

ചോദ്യം

ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ശ്രീ.കെ.വി.വിജയദാസ്

ശ്രീ.സാജു പോൾ

ശ്രീ.ബി.സത്യൻ

മറുപടി

ശ്രീ.ഉമ്മൻ ചാണ്ടി

(മുഖ്യ മന്ത്രി)

| | |
|---|---|
| എ) ക്രിമിനൽ കേസുകളിൽ കോടതി നൽകുന്ന ശിക്ഷകൾ സർക്കാർ റദ്ദാക്കുകയോ ലഘൂകരിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധമായ നിയമ വ്യവസ്ഥകൾ വിശദമാക്കാമോ; | എ) ഉണ്ട്. 1973-ലെ ക്രിമിനൽ നടപടിചട്ടം 432, 433-ലെ വ്യവസ്ഥകൾ പ്രകാരം ശിക്ഷ റദ്ദാക്കുന്നതിനോ ലഘൂകരിക്കുന്നതിനോ സർക്കാരിന് അധികാരമുണ്ട്. |
| ബി) സുപ്രീം കോടതി ശരിവെച്ച തടവുശിക്ഷയ്ക്ക് സർക്കാർ ഇളവ് നല്കിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) നെയ്യാറ്റിൻകര മജിസ്ട്രേറ്റ് കോടതി രണ്ടു വർഷം കഠിന തടവിന് ശിക്ഷിച്ച ശ്രീ.ഡേവിഡ് ലാലിയെ ഒരു ലക്ഷം രൂപ പിഴ ഈടാക്കി സർക്കാർ ശിക്ഷയിൽ ഇളവ് നൽകിയോ, എങ്കിൽ ഇതിന് ശുപാർശ ചെയ്തത് ആരാണ്; | സി) നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് വാങ്ങിയിരുന്നു. തടവ് ശിക്ഷ കമ്മ്യൂട്ട് ചെയ്ത് പിഴശിക്ഷയാക്കുന്നതിന് നിയമതടസ്സങ്ങൾ ഇല്ല എന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. |
| ഡി) ഏതെല്ലാം നിലയിലുള്ള കേസുകളിലാണ് ശിക്ഷകളിൽ ഇളവ് നൽകാനുള്ള അധികാരം സർക്കാർ വിനിയോഗിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | ഡി) സംസ്ഥാന സർക്കാരിന് നിയമപ്രകാരം അനുവദിക്കാവുന്ന കേസുകളിൽ അർഹത പരിഗണിച്ച് ശിക്ഷ ലഘൂകരിച്ച് നല്കാറുണ്ട്. |
| ഇ) കോടതിവിധി പ്രകാരമുള്ള ശിക്ഷ ഇളവ് ചെയ്തു കിട്ടുന്നതിനോ, റദ്ദു ചെയ്തു കിട്ടുന്നതിനോ ഈ സർക്കാരിന് ലഭിച്ച ഹർജികൾ എത്ര; എത്രയെണ്ണത്തിൽ തീരുമാനമെടുത്തു? | ഇ) 421 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ ജീവപര്യന്തം തടവുകാരൊഴികെയുള്ളവരുടെ അപേക്ഷകളിൽ മിക്കവയിലും അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ